# PRAYER FOR THE GOLDEN JUBILEE YEAR (1959-2009)

God our Father / we your children celebrate with joy and gratitude / the Golden Jubilee / of the establishment of our Archdiocese. / We gratefully remember / all the graces and blessings / you have showered on us / for the past fifty years. / We thank you / for all our Archbishops / under whose loving care and guidance / our Archdiocese has grown. / We remember our priests / religious and laity / who have laboured with great dedication / in one way or another / to this day.

Hear our prayer Lord / and send forth your Holy Spirit on us / during this Jubilee year / so that we may become / a renewed people / in our personal lives / in our families / and in our parish communities. / We pray / that love becomes the norm of our lives / and service our lifestyle / so that faithful to your teachings / we grow into / a reconciling and forgiving community / alive to the needs of others / and living out our call to proclaim the Good News / through our words and deeds. / May we, the faithful of the Archdiocese / with the help of Mary our Mother / become true witnesses of your love / and may this year / be a time of grace and peace / for all of us.

We make this prayer / through our Lord Jesus Christ your Son / who lives and reigns / with you and the Holy Spirit / one God for ever and ever. / Amen.

# ജൂബിലിവർഷ പ്രാർത്ഥന (1959–2009)

സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ പ്രിയപ്പെട്ട മക്കളായ ഞങ്ങൾ ഞങ്ങളുടെ അതിരൂപതയുടെ ജൂബിലി ആഘോഷങ്ങളെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടി അങ്ങേയ്ക്ക് സമർപ്പിക്കുന്നു. കഴിഞ്ഞ 50 വർഷങ്ങളിൽ അങ്ങ് ഞങ്ങളുടെ മേൽ ചൊരിഞ്ഞ എല്ലാ അനുഗ്രഹങ്ങളേയും പ്രതി ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. പിതാവിന്റെ സ്നേഹവും പരിപാലനയും നൽകി അങ്ങയുടെ ഹിതമനുസരിച്ച്, ഞങ്ങളുടെ അതിരൂപതയെ നയിക്കുവാനും വളർത്തുവാനും അങ്ങ് നിയമിച്ച എല്ലാ ആർച്ചുബിഷപ്പുമാരേയും പ്രതി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഞങ്ങളുടെ അതിരൂപതയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടി ത്യാഗത്തോടും ആത്മാർത്ഥതയോടും പ്രവർത്തിച്ചവരേയും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമായ എല്ലാ വൈദികരേയും സന്യസ്തരേയും അല്മായരേയും സ്നേഹത്തോടെ ഓർത്തുകൊണ്ട് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു.

ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറച്ച് ഞങ്ങളുടെ ജീവിതങ്ങളേയും കുടുംബങ്ങളേയും ഇടവകകളേയും സ്ഥാപനങ്ങളേയും നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യേണമേ. സ്നേഹം ഞങ്ങളുടെ മാതൃകയും ശുശ്രൂഷ ഞങ്ങളുടെ ജീവിതശൈലിയുമാക്കി തീർക്കാൻ ഞങ്ങളെ സഹായിക്കണമേ. അതുവഴി എല്ലാവരോടും ക്ഷമിക്കുന്നവരും അങ്ങയുടെ വചനത്തിൽ വിശ്വസ്തരും മറ്റുള്ളവരെ സഹായിക്കുന്നവരും ഞങ്ങളുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും അങ്ങയുടെ വചനത്തിന് സാക്ഷ്യം വഹിക്കുന്നവരുമായി ഞങ്ങൾ മാറട്ടെ. പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയാൽ തിരുസഭയുടെ മക്കളായ ഞങ്ങളെ ഓരോരുത്തരേയും സ്നേഹത്തിന്റെ പ്രതീകങ്ങളാക്കി മാറ്റി, ഈ ജൂബിലി വർഷത്തെ അനുഗ്രഹിക്കണമേ.

ഈ പ്രാർത്ഥന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവഴി അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

ആമ്മേൻ